**മധുരമായ കുട്ടികളേ- ഏതുവരെ ജീവിക്കുന്നുവോ അതുവരെ പഠിക്കുകയും പഠിപ്പിക്കുകയും വേണം, സന്തോഷത്തിന്റേയും പദവിയുടേയും ആധാരം പഠിപ്പാണ്.**

**ചോദ്യം-** സേവനത്തിന്റെ സഫലതയ്ക്കായി മുഖ്യമായും ഏതൊരു ഗുണമാണ് വേണ്ടത്?
**ഉത്തരം-** സഹനശീലത. ഓരോ കാര്യത്തിലും സഹനശീലരായി പരസ്പരം കൂട്ടായ്മയോടെ സേവനം ചെയ്യൂ. പ്രഭാഷണം മുതലായവയുടെ പ്രോഗ്രാമുകൾ കൊണ്ടുവരൂ. മനുഷ്യരെ ഉറക്കത്തിൽ നിന്നും ഉണർത്താനായി അനേകം ഏർപ്പാടുകൾ ഉരുത്തിരിയും. ഭാഗ്യശാലിയാകുന്നവർ പഠിപ്പും വളരെ താല്പര്യത്തോടെ പഠിക്കും.

**ഗീതം-** നമുക്ക് ആ വഴികളിലൂടെ നടക്കണം..........

**ഓം ശാന്തി**. നിങ്ങൾ കുട്ടികൾ എന്ത് സങ്കൽപ്പത്തോടെയാണ് ഇവിടെ മധുബനിലേയ്ക്ക് വന്നിരിക്കുന്നത്! എന്താ പഠിപ്പ് പഠിക്കാനായി വന്നതാണോ? ആരുടെ അടുത്തേയ്ക്ക്? (ബാപ്ദാദയുടെ അടുത്തേയ്ക്ക്). ഇത് പുതിയ കാര്യമാണ്. അങ്ങിനെയും കേട്ടു, ബാപ്ദാദയുടെ അടുത്തേയ്ക്ക് പഠിക്കാനായി പോവുകയാണെന്ന്, അതും ബാബയും ദാദയും രണ്ടുപേരും ഒരുമിച്ചാണ്. അത്ഭുതമല്ലേ. നിങ്ങൾ അത്ഭുതകരമായ അച്ഛന്റെ കുട്ടികളാണ്. നിങ്ങൾ കുട്ടികൾക്കും രചയിതാവിനേയോ രചനയുടെ ആദി മദ്ധ്യ അന്ത്യത്തേയോ അറിയില്ലായിരുന്നു. ഇപ്പോൾ ആ രചയിതാവിനേയും രചനയേയും നിങ്ങൾ നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് അറിഞ്ഞു. എത്രത്തോളം അറിയുന്നുവോ അതുപോലെ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നുവോ അത്രത്തോളം സന്തോഷവും ഭാവിയിലെ പദവിയും വർദ്ധിക്കും. പ്രധാനകാര്യമിതാണ് ഇപ്പോൾ നമ്മൾ രചയിതാവിനേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തേയും അറിഞ്ഞുകഴിഞ്ഞു. കേവലം നമ്മൾ ബ്രാഹ്മണ- ബ്രാഹ്മിണിമാർക്ക് മാത്രമേ അറിയൂ. സ്വയത്തിൽ നിശ്ചയം ചെയ്യണം, ഏതുവരെ ജീവിക്കുന്നുവോ അതുവരേയ്ക്കും നമ്മൾ ബി.കെയാണ് മാത്രമല്ല ശിവബാബയിൽ നിന്നും മുഴുവൻ വിശ്വത്തിന്റേയും സമ്പത്ത് എടുത്തുകൊണ്ടിരിക്കുകയാണ്. പൂർണ്ണമായും പഠിക്കുന്നുണ്ടോ അതോ കുറവേ പഠിക്കുന്നുള്ളുവോ ആ കാര്യം വേറെ, എന്നാലും അറിയാമല്ലോ. നമ്മൾ ബാബയുടെ കുട്ടിയാണ് പിന്നെ ചോദ്യം ഉയരുന്നു, പഠിക്കുന്നതിന്റെയും പഠിക്കാതിരിക്കുന്നതിന്റെയും. അതിന്റെ ആധാരത്തിലാണ് പദവി ലഭിക്കുക. ബാബയുടേതായാൽ നിശ്ചയം ഉണ്ടാകും നമ്മൾ രാജധാനി പ്രാപ്തമാക്കുന്നതിന് അർഹതപ്പെട്ടവരായി മാറി. പിന്നെ പഠിപ്പിലും രാവും പകലും തമ്മിലുള്ള വ്യത്യാസം ഉണ്ടാകാം. ചിലർ നല്ലരീതിയിൽ പഠിക്കുകയും പിന്നീട് പഠിപ്പിക്കുകയും ചെയ്യും അവർക്ക് മറ്റൊന്നിലും താല്പര്യം ഉണ്ടാകില്ല. പഠിക്കുക, പഠിപ്പിക്കുക അത്ര മാത്രം, ഇത് അവസാനം വരെ ഉണ്ടാകണം. വിദ്യാർത്ഥി ജീവിതത്തിൽ അവസാനം വരെയൊന്നും പഠിപ്പ് പഠിക്കില്ല. സമയം ഉണ്ടാകും. നിങ്ങൾക്കാണെങ്കിൽ ഏതുവരെ ജീവിക്കുന്നുവോ അതുവരെ പഠിക്കുകയും പഠിപ്പിക്കുകയും വേണം. സ്വയത്തോട് ചോദിക്കണം എത്രപേർക്ക് രചയിതാവായ അച്ഛന്റെ പരിചയം നൽകുന്നുണ്ട്? മനുഷ്യർ മനുഷ്യർ തന്നെയാണ്. കാണാൻ വ്യത്യാസമൊന്നുമില്ല. ശരീരത്തിൽ വ്യത്യാസമില്ല. ഈ പഠിപ്പ് ഉള്ളിൽ ബുദ്ധിയിൽ മുഴങ്ങിക്കൊണ്ടേയിരിക്കും. ആര് എത്ര പഠിക്കുന്നുവോ അത്രയും സന്തോഷവും അവർക്ക് ഉണ്ടാകും. നമ്മൾ പുതിയ ലോകത്തിന്റെ അധികാരിയായി മാറും എന്നത് ഉള്ളിലുണ്ടാകും. ഇപ്പോൾ നമ്മൾ സ്വർഗ്ഗവാതിൽക്കലേയ്ക്ക് പോവുകയാണ്. എന്നിൽ എത്ര വ്യത്യാസമുണ്ട് എന്നത് സദാ സ്വയത്തോട് ചോദിച്ചുകൊണ്ടിരിക്കൂ. ബാബ നമ്മെ തന്റേതാക്കി മാറ്റി, നമ്മൾ എന്തിൽ നിന്നും എന്തായാണ് മാറുന്നത്. പഠിപ്പാണ് ആധാരം. പഠിപ്പിലൂടെ മനുഷ്യർ എത്ര ഉയർന്നതായി മാറുന്നു. പക്ഷേ അതെല്ലാം അല്പകാലത്തിലേയ്ക്കുള്ള ക്ഷണനേരംകൊണ്ട് ഇല്ലാതാകുന്ന ലക്ഷ്യങ്ങളാണ്. അതിൽ ഒന്നും ഇല്ല. ഒരു പ്രയോജനവും ഇല്ലാത്തതുപോലെ. ഒരു ലക്ഷണവും ഉണ്ടായിരുന്നില്ല. ഇപ്പോൾ ഈ പഠിപ്പിലൂടെ എത്ര ഉയർന്നതായി മാറുന്നു. മുഴുവൻ ശ്രദ്ധയും പഠിപ്പിൽ നൽകണം. ആരുടെയാണോ ഭാഗ്യത്തിലുള്ളത് അവരുടെ മനസ്സ് പഠിപ്പിൽ മുഴുകും. മറ്റുള്ളവരേയും പഠിപ്പിച്ച് ഭിന്ന ഭിന്ന പ്രകാരത്തിലുള്ള പുരുഷാർത്ഥങ്ങൾ ചെയ്യിച്ചുകൊണ്ടിരിക്കും. അവരെ പഠിപ്പിച്ച് വൈകുണ്ഠത്തിന്റെ അധികാരിയാക്കണം എന്ന് മനസ്സിലുണ്ടാകും. മനുഷ്യരെ ഉറക്കത്തിൽ നിന്നും ഉണർത്താനായി പ്രയത്നിച്ചുകൊണ്ടിരിക്കുന്നു ഇനിയും പ്രയത്നിക്കും. ഈ പ്രദർശിനികളൊന്നും ഒന്നുമല്ല, മുന്നോട്ട് പോകവേ മനസ്സിലാക്കിക്കൊടുക്കുന്നതിനായി ഇതിലും കൂടുതൽ സൗകര്യങ്ങൾ ഉണ്ടാകും. ഇപ്പോൾ ബാബ പാവനമാക്കിക്കൊണ്ടിരിക്കുകയാണ് അതിനാൽ ബാബ നൽകുന്ന പഠിപ്പിൽ ശ്രദ്ധ നൽകണം. എല്ലാ കാര്യത്തിലും സഹനശീലരും ആവണം. എല്ലാവരും ഒരുമിച്ച് കൂട്ടായ്മയോടെ പ്രഭാഷണങ്ങൾ പോലുള്ള പ്രോഗ്രാമുകൾ ഒരുക്കണം. ഒരു അല്ലാഹുവിനെക്കുറിച്ചുതന്നെ നമുക്ക് വളരെ നന്നായി മനസ്സിലാക്കിക്കൊടുക്കാൻ

സാധിക്കും. ഉയർന്നതിലും ഉയർന്ന ഭഗവാൻ ആരാണ്? അല്ലാഹുവിനെക്കുറിച്ചുതന്നെ നിങ്ങൾക്ക് 2 മണിക്കൂർ പ്രഭാഷണം ചെയ്യാൻ സാധിക്കും. ഇതും നിങ്ങൾക്ക് അറിയാം അല്ലാഹുവിനെ ഓർമ്മിച്ചാൽ നിങ്ങൾക്ക് സന്തോഷം ഉണ്ടാകും. അഥവാ കുട്ടികൾക്ക് ഓർമ്മയുടെ യാത്രയിലുള്ള ശ്രദ്ധ കുറവാണ്, അല്ലാഹുവിനെ ഓർമ്മിക്കുന്നില്ല എങ്കിൽ തീർച്ചയായും നഷ്ടമുണ്ടാകും. എല്ലാത്തിന്റേയും ആധാരം ഓർമ്മയാണ്. ഓർമ്മിക്കുന്നതിലൂടെ വേഗം സ്വർഗ്ഗത്തിലെത്തിച്ചേരും. ഓർമ്മിക്കാൻ മറക്കുന്നതിലൂടെയാണ് വീണുപോകുന്നത്. ഈ കാര്യങ്ങളെ മറ്റാർക്കും മനസ്സിലാക്കാൻ സാധിക്കില്ല. ശിവബാബയെ അറിയുകയേയില്ല. ആര് എത്രതന്നെ ഗംഭീരമായി പൂജ ചെയ്താലും ഓർമ്മിച്ചാലും ശരി അവർ മനസ്സിലാക്കുന്നില്ല.

നിങ്ങൾക്ക് ബാബയിൽ നിന്നും വളരെ വലിയ സമ്പത്ത് ലഭിക്കുന്നു. ഭക്തിമാർഗ്ഗത്തിൽ കൃഷ്ണന്റെ സാക്ഷാത്ക്കാരം നേടുന്നതിനായി എത്ര തലയിട്ടുടയ്ക്കുന്നു, ശരി ദർശനം കിട്ടിയെന്നിരിക്കട്ടെ എന്നിട്ടെന്താണ്? ഒരു ഗുണവും ഉണ്ടായില്ലല്ലോ. നോക്കൂ ലോകം ഏതെല്ലാം കാര്യങ്ങളിലൂടെയാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. നിങ്ങൾ മാത്രമാണ് കരിമ്പിന്റെ രസം കുടിക്കുന്നത്, ബാക്കി എല്ലാവരും ചണ്ടിയാണ് കഴിക്കുന്നത്. നിങ്ങൾ ഇപ്പോൾ മധുരം കഴിച്ച് വയറ് നിറച്ച് അര കല്പത്തിലേയ്ക്ക് സുഖം നേടുന്നു, ബാക്കി എല്ലാവരും ഭക്തിമാർഗ്ഗത്തിന്റെ ചണ്ടി കഴിച്ച് താഴെ ഇറങ്ങുന്നു. ഇപ്പോൾ ബാബ എത്ര സ്നേഹത്തോടെ പുരുഷാർത്ഥം ചെയ്യിക്കുന്നു. പക്ഷേ ഭാഗ്യത്തിൽ ഇല്ലെങ്കിൽ ശ്രദ്ധ നൽകില്ല. സ്വയം ശ്രദ്ധ നൽകുകയുമില്ല മറ്റുള്ളവരെ ശ്രദ്ധിക്കാൻ അനുവദിക്കുകയുമില്ല. സ്വയം അമൃത് കുടിക്കുകയുമില്ല, മറ്റുള്ളവരെ കുടിക്കാൻ അനുവദിക്കുകയുമില്ല. വളരെ അധികം പേരുടെ പ്രവർത്തനങ്ങൾ ഇങ്ങനെയാണ്. അഥവാ പൂർണ്ണമായും പഠിക്കുന്നില്ലെങ്കിൽ, ദയാഹൃദയരാവുന്നില്ലെങ്കിൽ, ആരുടേയും മംഗളം ചെയ്യുന്നില്ലെങ്കിൽ അവർ എന്ത് പദവി നേടും! പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർ എത്ര ഉയർന്ന പദവി നേടും. പഠിക്കുന്നില്ലെങ്കിൽ എന്ത് പദവിയായിരിക്കും– അതും മുന്നോട്ട് പോകവേ റിസൾട്ട് എന്താകും എന്ന് അറിയാൻ പറ്റും. പിന്നീട് കരുതും– ബാബ എനിക്ക് എത്ര മുന്നറിയിപ്പ് നൽകിയിരുന്നു. ഇവിടെ ഇരിക്കുകയാണ്, ബുദ്ധിയിൽ ഉണ്ടാകണം– ഞങ്ങൾ പരിധിയില്ലാത്ത അച്ഛന്റെ അടുത്താണ് ഇരിക്കുന്നത്. ബാബ മുകളിൽ നിന്നും വന്ന് ഈ ശരീരത്തിലൂടെ കല്പം മുമ്പത്തേതുപോലെ നമ്മെ പഠിപ്പിക്കുകയാണ്. ഇപ്പോൾ വീണ്ടും നമ്മൾ ബാബയുടെ മുന്നിൽ ഇരിക്കുകയാണ്. ബാബയുടെ കൂടെ വേണം നമുക്കു പോകാൻ. ഉപേക്ഷിച്ച് പോകരുത്. ബാബ നമ്മെ കൂടെക്കൊണ്ടുപോകും. ഈ പഴയ ലോകം വിനാശമാകും. ഈ കാര്യങ്ങൾ മറ്റാർക്കും അറിയില്ല. തീർച്ചയായും പഴയ ലോകം വിനാശമാകും എന്ന് മുന്നോട്ട് പോകവേ എല്ലാവരും മനസ്സിലാക്കും. ഒന്നും കിട്ടുകയുമില്ല. ഈ കാര്യങ്ങൾ മറ്റാർക്കും അറിയില്ല. വളരെ വൈകിപ്പോകും. കണക്ക് വഴക്കുകൾ അവസാനിപ്പിച്ച് എല്ലാവർക്കും തിരിച്ചുപോകണം. ആരാണോ വിവേകശാലികളായ കുട്ടികൾ അവരേ ഇത് മനസ്സിലാക്കൂ. സേവനത്തിൽ മുഴുകിയിരിക്കുകയാണ് കുട്ടികൾ. മാതാപിതാവിനെ ഫോളോ ചെയ്യുന്നു. എങ്ങനെയാണോ ആത്മീയ അച്ഛൻ സേവനം ചെയ്യുന്നത് അതുപോലെ നിങ്ങൾക്കും ചെയ്യണം. ചില കുട്ടികൾക്ക് ഈ ലഹരിയുണ്ട്, അവരുടെ മഹിമ ബാബ പാടുന്നു, അവരെപ്പോലെയായി മാറണം. എല്ലാവർക്കും ടീച്ചറെ ലഭിക്കുന്നുണ്ട്. ഇവിടെയും എല്ലാവരും വരുന്നുണ്ട്. ഇവിടെയാണെങ്കിൽ വലിയ ടീച്ചർ ഇരിക്കുന്നുണ്ട്. ബാബയെ ഓർമ്മിക്കുന്നില്ലെങ്കിൽ നിങ്ങൾ എങ്ങനെ നേരെയാവും. ജ്ഞാനം വളരെ സഹജമാണ്. 84 ജന്മങ്ങളുടെ ചക്രം എത്ര സഹജമാണ്. പക്ഷേ എത്ര തലയിട്ടുടയ്ക്കേണ്ടി വരുന്നു. ബാബ എത്ര സഹജമായ കാര്യമാണ് മനസ്സിലാക്കിത്തരുന്നത്. ബാബയേയും 84 ജന്മങ്ങളുടെ ചക്രത്തേയും ഓർമ്മിച്ചാൽ തോണി അക്കരെയെത്തും. ഈ സന്ദേശം എല്ലാവർക്കും നൽകണം. തന്റെ ഹൃദയത്തോട് ചോദിക്കൂ– എത്രത്തോളം സന്ദേശവാഹകനായി മാറി? എത്രത്തോളം ആളുകളെ ഉണർത്തുന്നുവോ അത്രയും അധികം സമ്മാനം നേടും അഥവാ ഉണർത്തുന്നില്ലെങ്കിൽ എവിടെയോ ഉറങ്ങിക്കിടക്കുകയാണ് പിന്നീട് എനിക്ക് ഇത്രയും ഉയർന്ന പദവി ലഭിക്കുകയില്ല. ബാബ ദിവസവും പറയുന്നു വൈകുന്നേരം തന്റെ മുഴുവൻ ദിവസത്തേയും കണക്ക് എടുക്കൂ. സേവനവും ചെയ്യണം. പ്രധാന കാര്യം ബാബയുടെ പരിചയം നൽകുക എന്നതാണ്. ബാബ തന്നെയാണ് ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റിയത്. ഇപ്പോൾ നരകമാണ് വീണ്ടും സ്വർഗ്ഗമാകും. ചക്രം കറങ്ങുകതന്നെ വേണം. തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറണം. ബാബയെ ഓർമ്മിക്കൂ എങ്കിൽ വികാരം ഇല്ലാതാകും. സത്യയുഗത്തിൽ വളരെ കുറച്ചുപേരേ ഉണ്ടാകൂ. പിന്നീട് രാവണരാജ്യത്തിൽ എത്ര വൃദ്ധിയുണ്ടാകുന്നു. സത്യയുഗത്തിൽ 9 ലക്ഷം പിന്നീട് പതുക്കെ പതുക്കെ വൃദ്ധിയുണ്ടാകുന്നു. ആരാണോ ആദ്യം പാവനമായിരുന്നത് അവർ തന്നെയാണ് പിന്നീട് പതിതമായി മാറുന്നത്. സത്യയുഗത്തിൽ ദേവതകളുടെ പവിത്രമായ പ്രവൃത്തി മാർഗ്ഗമായിരുന്നു. അവർക്ക് തന്നെ പിന്നീട് അപവിത്ര പ്രവൃത്തി മാർഗ്ഗത്തിലുള്ളവരാകേണ്ടി വരും. ഡ്രാമ അനുസരിച്ച് ഈ ചക്രം കറങ്ങുകതന്നെ വേണം. ഇപ്പോൾ വീണ്ടും നിങ്ങൾ പവിത്രമായ പ്രവൃത്തി മാർഗ്ഗത്തിലുള്ളവരായി മാറുകയാണ്. ബാബ തന്നെയാണ് വന്ന് പവിത്രമാക്കി മാറ്റുന്നത്. പറയുന്നു എന്നെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. നിങ്ങൾ അരകല്പം പവിത്രമായിരുന്നു

പിന്നീട് രാവണരാജ്യത്തിൽ നിങ്ങൾ പതിതമായി മാറി. ഇതും നിങ്ങൾ ഇപ്പോഴാണ് മനസ്സിലാക്കുന്നത്. നമ്മളും തീർത്തും കാലണയ്ക്ക് വിലയില്ലാത്തവരായിരുന്നു. ഇപ്പോൾ എത്ര ജ്ഞാനം ലഭിച്ചു. ഇതിലൂടെ നമ്മൾ എന്തിൽ നിന്നും എന്തായി മാറി! ബാക്കി ഇത്രയും ധർമ്മങ്ങൾ, ഇതെല്ലാം അവസാനിക്കാനുള്ളതാണ്. എങ്ങനെയാണോ മൃഗങ്ങൾ മരിക്കുന്നത് അതുപോലെ എല്ലാവരും മരിക്കും. മഞ്ഞ് വീഴാൻ തുടങ്ങിയാൽ എത്ര മൃഗങ്ങളും പക്ഷികളും മരിക്കുന്നു. പ്രകൃതിക്ഷോഭങ്ങളും വരും. ഇതെല്ലാം അവസാനിക്കും. ഇതെല്ലാം മരിച്ചപോലെയാണ്. ഈ കണ്ണുകൾ കൊണ്ട് എന്തെല്ലാം കാണുന്നുവോ അതൊന്നും പിന്നെ ഉണ്ടാകില്ല. പുതിയ ലോകത്തിൽ വളരെ കുറച്ചുപേരേ ഉണ്ടാകൂ. ഈ ജ്ഞാനം നിങ്ങളുടെ ബുദ്ധിയിലുണ്ട്, ജ്ഞാനസാഗരനായ ബാബ തന്നെയാണ് നിങ്ങൾക്ക് ജ്ഞാനത്തിന്റെ സമ്പത്ത് നൽകുന്നത്. നിങ്ങൾക്ക് അറിയാം മുഴുവൻ ലോകത്തിലും അഴുക്ക് തന്നെ അഴുക്കാണ്. നമ്മളും അഴുക്കിൽ മുങ്ങിക്കിടക്കുകയായിരുന്നു. ബാബ ഇപ്പോൾ അഴുക്കിൽ നിന്നും എടുത്ത് എത്ര നല്ല പുഷ്പമാക്കി മാറ്റുന്നു. നമ്മൾ ഈ ശരീരം ഉപേക്ഷിക്കും, ആത്മാവ് പവിത്രമായി മാറും.

ബാബ എല്ലാവരേയും ഒരേപോലെയാണ് പഠിപ്പിക്കുന്നത് പക്ഷേ ചിലരുടെ ബുദ്ധി വളരെ ഡള്ളാണ്, ഒന്നും മനസ്സിലാക്കാൻ പറ്റുന്നില്ല. ഇതും ഡ്രാമയിൽ അടങ്ങിയതാണ്. ബാബ പറയുന്നു അവരുടെ ഭാഗ്യത്തിലില്ലെങ്കിൽ എനിക്ക് എന്ത് ചെയ്യാൻ പറ്റും. ഞാൻ എല്ലാവരേയും ഒരുപോലെയാണ് പഠിപ്പിക്കുന്നത്. പഠിക്കുന്നത് നമ്പർവൈസ് ആയാണ്. ചിലർ നല്ലരീതിയിൽ മനസ്സിലാക്കുകയും മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുന്നു, മറ്റുള്ളവരുടെ ജീവിതത്തേയും വജ്രസമാനമാക്കി മാറ്റുന്നു. ചിലരാണെങ്കിൽ ആക്കിമാറ്റുന്നേയില്ല. തലതിരിഞ്ഞ അഹങ്കാരം എത്രയാണ്. എങ്ങനെയാണോ ശാസ്ത്രജ്ഞർക്ക് ബുദ്ധിയുടെ എത്ര അഹങ്കാരമാണ്, ദൂര ദൂരത്തേയ്ക്ക് ആകാശത്തേയും സമുദ്രത്തേയും എല്ലാം കാണാൻ ആഗ്രഹിക്കുന്നു. ബാബ പറയുന്നു ഇതുകൊണ്ട് ഒരു ഉപകാരവുമില്ല. അഹങ്കാരികളായ സയൻസുകാർ വെറുതേ തന്റെ തല പുണ്ണാക്കുകയാണ്. വളരെ അധികം ശമ്പളം ലഭിക്കുന്നത് അവർക്കാണ്, എല്ലാം വ്യർത്ഥമാക്കുന്നു. സ്വർണ്ണിമമായ ദ്വാരക താഴെ നിന്നും പൊങ്ങിവരും എന്നൊന്നുമല്ല. ഇത് ഡ്രാമയുടെ ചക്രമാണ് അത് കറങ്ങിക്കൊണ്ടേയിരിക്കും. പിന്നീട് സമയമാകുമ്പോൾ നമ്മൾ പുതിയ ലോകത്തിൽ കൊട്ടാരം നിർമ്മിക്കും. ചിലർ പിന്നീട് അത്ഭുതപ്പെടും എന്ത് നമ്മൾ ഇങ്ങനെതന്നെയുള്ള കൊട്ടാരങ്ങൾ വീണ്ടും ഉണ്ടാക്കുമോ. തീർച്ചയായും, ബാബ കാണിച്ചുതരുന്നു നിങ്ങൾ വീണ്ടും ഇങ്ങനെയുള്ള സ്വർണ്ണക്കൊട്ടാരങ്ങൾ നിർമ്മിക്കും. അവിടെ വളരെ അധികം സ്വർണ്ണമുണ്ടാകും. ഇപ്പോഴും വളരെ അധികം സ്ഥലത്ത് സ്വർണ്ണത്തിന്റെ പർവ്വതങ്ങളുണ്ട് പക്ഷേ സ്വർണ്ണം എടുക്കാൻ കഴിയില്ല. പുതിയ ലോകത്തിലാണെങ്കിൽ സ്വർണ്ണത്തിന്റെ അളവില്ലാത്ത ഖനികളുണ്ടായിരുന്നു. അത് അവസാനിച്ചു. ഇപ്പോൾ വജ്രത്തിനുപോലും എത്ര വിലയാണെന്ന് നോക്കൂ. ഇന്ന് ഇത്രയും വില, നാളെ കല്ലിനുസമാനമായി മാറും. ബാബ നിങ്ങൾ കുട്ടികൾക്ക് വളരെ അത്ഭുതകരമായ കാര്യങ്ങൾ കേൾപ്പിക്കുന്നു പിന്നെ സാക്ഷാത്ക്കാരവും ചെയ്യിപ്പിക്കുന്നു. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഇപ്പോൾ ഇതുണ്ടാകണം– നമ്മൾ ആത്മാക്കൾ നമ്മുടെ വീട് ഉപേക്ഷിച്ചിട്ട് 5000 വർഷമായി നമ്മുടെ വീടിനെയാണ് മുക്തിധാമം എന്ന് പറയുന്നത്. ഭക്തിമാർഗ്ഗത്തിൽ മുക്തിയ്ക്കായി എത്ര ബുദ്ധിമുട്ടുന്നു പക്ഷേ ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ബാബയ്ക്കല്ലാതെ മറ്റാർക്കും മുക്തി നൽകാൻ സാധിക്കില്ല. കൂടെ കൂട്ടിക്കൊണ്ടുപോകാൻ സാധിക്കില്ല. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ പുതിയ ലോകമാണ്, അറിയാം ഈ ചക്രത്തിന് കറങ്ങുകതന്നെ വേണം, നിങ്ങൾക്ക് മറ്റൊരു കാര്യത്തിലേയ്ക്കും പോകേണ്ടതില്ല. ബാബയെ ഓർമ്മിച്ചാൽ മാത്രം മതി, എല്ലാവരോടും ഇതുതന്നെ പറഞ്ഞുകൊണ്ടിരിക്കൂ– ബാബയെ ഓർമ്മിക്കു എങ്കിൽ വികർമ്മം വിനാശമാകും. ബാബ നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റിയിരുന്നില്ലേ. നിങ്ങൾ എന്റെ ശിവജയന്തിയും ആഘോഷിക്കുന്നുണ്ട്. എത്ര വർഷമായി? 5000 വർഷത്തിന്റെ കാര്യമാണ്. നിങ്ങൾ സ്വർഗ്ഗവാസിയായിരുന്നു പിന്നീട് 84 ന്റെ ചക്രം കറങ്ങി. ഇതും ഡ്രാമയിൽ ഉള്ളതാണ്. വന്ന് നിങ്ങൾക്ക് ഈ സൃഷ്ടിചക്രത്തെ മനസ്സിലാക്കിത്തരുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് വളരെ നന്നായി ഓർമ്മ വന്നു. നമ്മൾ ഏറ്റവും വലിയ പാർട്ടുധാരികളാണ്. നമ്മുടെ പാർട്ട് ബാബയോടൊപ്പമാണ്, നമ്മൾ ബാബയുടെ ശ്രീമതം അനുസരിച്ച് ബാബയുടെ ഓർമ്മയിൽ ഇരുന്ന് മറ്റുള്ളവരേയും തനിക്ക് സമാനമാക്കി മാറ്റുന്നു. ആരാണോ കല്പം മുമ്പ് ആയത് അവരേ ആവൂ. സാക്ഷിയായി കണ്ടുകൊണ്ടിരിക്കും പിന്നെ പുരുഷാർത്ഥവും ചെയ്യിച്ചുകൊണ്ടിരിക്കും. ദിവസവും ഉത്സാഹത്തോടെ ഇരിക്കുന്നതിനായി ദിവസേന ഏകാന്തമായിരുന്ന് തന്നോടുതന്നെ സംസാരിച്ചുകൊണ്ടിരിക്കൂ. ഈ അശാന്തമായ ലോകത്ത് ഇനി അല്പം സമയമേ ബാക്കിയുള്ളു പിന്നീട് അശാന്തി എന്ന പേരുപോലും ബാക്കിയുണ്ടാകില്ല. മനസ്സിന് എങ്ങനെ ശാന്തി ലഭിക്കും എന്ന് ആർക്കും മുഖത്തിലൂടെ പറയാൻ കഴിയില്ല. ശാന്തിയ്ക്കുവേണ്ടി പോകുന്നു പക്ഷേ ശാന്തിയുടെ സാഗരം ഒരേയൊരു ബാബയാണ്, മറ്റാരുടേയും പക്കൽ ഈ വസ്തുവില്ല. ആ ശാന്തിയും സുഖവും വേണമെങ്കിൽ രചയിതാവിനേയും രചനയേയും അറിയണം– ഇതാണ് ജ്ഞാനം, ഇത് നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ മുഴങ്ങിക്കൊണ്ടിരിക്ക

ണം. സുഖമുണ്ടാകുന്നത് ധനത്തിലൂടെയാണ്. ധനമില്ലെങ്കിൽ മനുഷ്യനെക്കൊണ്ട് ഒരു ഉപകാരവുമില്ല. ധനത്തിനായി മനുഷ്യർ എന്തെല്ലാം പാപങ്ങൾ ചെയ്യുന്നു. ബാബ അളവില്ലാത്ത ധനം നൽകിയിട്ടുണ്ട്. സ്വർഗ്ഗം സ്വർണ്ണത്തിന്റേയും നരകം കല്ലിന്റേയുമാണ്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1) സമയം കണ്ടെത്തി ഏകാന്തമായിരുന്ന് സ്വയം സ്വയത്തോട് സംസാരിച്ച് സ്വയത്തിൽ ഉന്മേഷം വരുത്തണം. തനിക്കുസമാനമാക്കി മാറ്റുന്ന സേവനം ചെയ്യുന്നതിനോടൊപ്പം സാക്ഷിയായി മാറി ഓരോരുത്തരുടേയും പാർട്ടിനെ കാണുന്നതിനുള്ള അഭ്യാസം ചെയ്യണം.

2) ബാബയെ ഓർമ്മിച്ച് അവനവനെ നേരെയാക്കണം. ഞാൻ സന്ദേശവാഹകനായി മാറിയോ, എത്രപേരെ തനിക്കുസമാനമാക്കി മാറ്റി? എന്ന് തന്റെ ഹൃദയത്തോട് ചോദിക്കണം.

## വരദാനം:- ശ്രേഷ്ഠ പുരുഷാർത്ഥത്തിലൂടെ അന്തിമ ഫലത്തിൽ ഒന്നാമതെത്തുന്ന പറക്കുന്ന പക്ഷിയായി ഭവിക്കട്ടെ.

അന്തിമ ഫലത്തിൽ ഒന്നാമതെത്താൻ 1. ഹൃദയത്തിന്റെ അവിനാശി വൈരാഗ്യത്തിലൂടെ കഴിഞ്ഞുപോയ കാര്യങ്ങളുടെ സംസ്കാരമാകുന്ന ബീജത്തെ കത്തിക്കണം. 2. അമൃതവേള മുതൽ രാത്രി വരെ സദാ ഈശ്വരീയ നിയമവും മര്യാദകളും പാലിക്കുന്നതിന്റെ വ്രതം എടുക്കണം. 3. മനസ്സ് , വാക്ക്, സംബന്ധ സമ്പർക്കത്തിൽ ഇവയിലൂടെ നിരന്തരം മഹാദാനിയായി പുണ്യാത്മായി ദാന പുണ്യം ചെയ്ത്കൊണ്ടിരിക്കണം. അങ്ങെനെയുള്ള ശ്രേഷ്ഠ ഹൈജംപ് ചെയ്യുന്ന പുരുഷാർത്ഥം ചെയ്യുമ്പോൾ പറക്കുന്ന പക്ഷിയായി അന്തിമ ഫലത്തിൽ ഒന്നാമതെത്താൻ സാധിക്കും.

## സ്ലോഗൻ: മനോഭാവത്തിലൂടെ വായുമണ്ഡലത്തെ ശക്തിശാലിയാക്കണം ഇതാണ് അന്തിമ പുരുഷാർത്ഥവും സേവനവും.

**അവ്യക്ത സൂചന:- ആത്മീയ റോയൽറ്റിയും പവിത്രതയുടെ വ്യക്തിത്വവും ധാരണ ചെയ്യൂ.**
വിശേഷ ആത്മാക്കളെയും മഹൻ ആത്മാക്കളെയും ദേശത്തിന്റെയും വിശ്വത്തിന്റെയും വ്യക്തിത്വങ്ങൾ എന്നാണ് പറയാറുള്ളത് . പവിത്രതയുടെ വ്യക്തിത്വം എന്നാൽ ഓരോ കർമ്മത്തിലും മഹാനതയും വിശേഷതയും ഉണ്ടാകും. ആത്മീയ വ്യക്തിത്വമുള്ള ആത്മാക്കൾ തന്റെ ഊർജ്ജവും, സമയവും,സങ്കല്പവും വ്യർത്ഥമാക്കി കളയില്ല, സഫലമാക്കും. അങ്ങനെയുള്ള വ്യക്തിത്വമുള്ളവർ ഒരിക്കലും നിസ്സാര കാര്യങ്ങളിൽ തന്റെ മനസ്സിനെയും ബുദ്ധിയെയും ബിസിയാക്കില്ല.